പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2127 — 18.12.2012-ൽ മറുപടിയ്ക്ക്

## കേന്ദ്ര വിഹിതത്തിൽ നിന്നും വൈദ്യുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതി കമ്മി പരിഹരിക്കുന്നതിന് കേന്ദ്ര വിഹിതമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത് ; | (എ) എ) കേരളത്തിന്റെ വൈദ്യുതി കമ്മി പൂർണ്ണമായി നികത്തണമെങ്കിൽ നിലവിലുള്ള കേന്ദ്രവിഹിതമായ 1127.91 മെഗാവാട്ടിനു പുറമെ 1200 മെഗാവാട്ടു കൂടി ലഭിച്ചാൽ തത്വത്തിൽ സാധ്യമാണ്. എന്നാൽ കേരളത്തിന് കേന്ദ്രത്തിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്ന അന്തർ സംസ്ഥാന ലൈനുകൾക്ക് ഏകദേശം 1800 മെഗാവാട്ടു വരെ പരമാവധി വൈദ്യുതി വഹിക്കുവാനുള്ള ശേഷിയേയുള്ളൂ. ആയതിനാൽ നിലവിലുള്ള അളവിന് മുകളിൽ വൈദ്യുതി പുറത്തു നിന്നും ലഭിച്ചാലും അതുകൊണ്ടുള്ള പ്രയോജനം സംസ്ഥാനത്തിനു ലഭിക്കുകയില്ല. |
| (ബി) ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത് ; | (ബി) ഇപ്പോൾ നിലവിലുള്ള പൂർണ്ണകേന്ദ്രവിഹിതം (കേരളാതിർത്തിയിൽ) 1127.91 മെഗാവാട്ടാണ്. |
| (സി) വരുന്ന പരീക്ഷാക്കാലത്ത് വൈദ്യുതി നിയന്ത്രണം ഒഴിവാക്കാൻ വൈദ്യുതി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ? | (സി) വരുന്ന പരീക്ഷാകാലയളവിൽ സംസ്ഥാനത്ത് ലോഡ്ഷെഡിങ്ങ് ഒഴിവാക്കുന്നതിനുവേണ്ടി, വൈദ്യുതി വ്യാപാരികളിൽ നിന്നും പവർ എക്സ്ചേഞ്ചിൽ നിന്നും കൂടുതൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ഡാമുകളിലെ നിലവിലുള്ള വെള്ളം പരമാവധി കരുതൽ ശേഖരമായി, വരുന്ന പരീക്ഷാകാലയളവിലെ ആവശ്യകതയ്ക്കുവേണ്ടി, മാറ്റി വയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ.